പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1751

12-06-2019 ൽ മറുപടിയ്ക്ക്

നൂനപക്ഷക്ഷേമ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ഒ. ആർ. കേളു | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും നൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| എ) | നൂനപക്ഷ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നിലവിൽ തുടർന്നുവന്നിരുന്ന പദ്ധതികൾക്കു പുറമേ താഴെപ്പറയുന്ന പുതിയ പദ്ധതികൾ കൂടി നടപ്പിലാക്കിയിട്ടുണ്ട്.<br>1) എസ്.എസ്.എൽ.സി., പ്ലസ് ടു , വി.എച്ച്.എസ്.സി (10000/-രൂപ) , ബിരുദ/ ബിരുദാനന്തര ബിരുദ തലങ്ങളിൽ (15000/- രൂപ) ഉന്നത വിജയം നേടിയ നൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്.<br>2)വിധവ/വിവാഹബന്ധം വേർപെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി. 50000/- രൂപയാണ് ധനസഹായം. ബി.പി.എൽ വിഭാഗത്തിനും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും മുൻഗണന നൽകുന്നു.<br>3)മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് ചികിത്സാ ധനസഹായം.<br>മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ വനിതകൾക്ക് പ്രസവാനുകൂല്യം.<br>4) നഴ്സിങ് / പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള മദർതേരേസാ സ്കോളർഷിപ്പ് പദ്ധതി. പ്രതിവർഷം 15000/- രൂപ നൽകുന്നു.<br>5) സർക്കാർ / എയ്ഡഡ് പോളിടെക്നിക്കുകളിൽ മൂന്നു വർഷ ഡിപ്ലോമ കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള എ.പി.ജെ. അബ്ദുൾകലാം സ്കോളർഷിപ്പ് പദ്ധതി. പ്രതിവർഷം 1000 വിദ്യാർത്ഥികൾക്ക് 6000/- രൂപ വീതം നൽകുന്നു.<br>6) വിവാഹമോചന നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി വിവാഹപൂർവ്വ കൗൺസിലിങ് പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നു. |
| ബി) | വയനാട് ജില്ലയിൽ നൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | ബി) | നൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ഭവനപദ്ധതി, കരിയർഗൈഡൻസ് പദ്ധതി എന്നിവ ജില്ലാ അടിസ്ഥാനത്തിലും മറ്റു പദ്ധതികൾ സംസ്ഥാനാടിസ്ഥാനത്തിലുമാണ് നടപ്പിലാക്കുന്നത്. ഓരോ ജില്ലകൾക്ക് മാത്രമായി പദ്ധതി നടപ്പിലാക്കുന്നില്ല.ടി പദ്ധതികളുടെ പ്രയോജനം വയനാട് ജില്ലക്കും ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ